# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2206** **11.03.2020-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി അംഗീകരിച്ച ടെൻഡർ നടപടികൾ

| | ചോദ്യം<br><br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കെ. എസ്. ഇ. ബി യ്ക്കു ബാധകമാണോ; | (എ) | കെ. എസ്.ഇ. ബോർഡ് ലിമിറ്റഡ് കമ്പനി നിയമം അനുസരിച്ചുള്ള ഒരു ലിമിറ്റഡ് കമ്പനിയായാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ പൊതു മേഖലസ്ഥാപനമായ കെ. എസ്.ഇ.ബി ബോർഡ് ലിമിറ്റഡിന് ബാധകമായിരിക്കുന്നതാണെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യങ്ങളിലും കെ. എസ്.ഇ.ബി യുടെ പ്രവർത്തന രീതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കെ. എസ്.ഇ.ബി ലിമിറ്റഡിന് ബാധകമാക്കേണ്ടതുണ്ടോയെന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനത്തിനും ഉത്തരവിനും വിധേയമായും ആയവ കെ. എസ്.ഇ.ബി ലിമിറ്റഡിൽ പ്രബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |
| (ബി)<br><br><br><br>(സി) | സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച G.O(P) No.324/2015/Fin എന്ന ഉത്തരവ് കെ.എസ്.ഇ.ബി യ്ക്കു ബാധകമാക്കിയിട്ടുണ്ടോ;<br><br>ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി അംഗീകരിച്ച അവസാനത്തെ സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) & (സി) | ബാധകമാക്കിയിട്ടുണ്ട്. GO (P) No. 2/2019/SPD dated 24.01.2019 പ്രകാരം MSME (Micro, small and Medium Enterprises) കൾക്ക് ടെണ്ടർ ഫീസ് ഒഴിവാക്കിക്കൊണ്ടുള്ള ഓർഡർ ബോർഡിൽ 04.09.2019-ലെ ഉത്തരവ് പ്രകാരം ബാധകമാക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ഇ.ബിയ്ക്ക സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന് സൂചിപ്പിക്കുന്ന രേഖകൾ ലഭ്യമാക്കാമോ? | (ഡി) | കെ.എസ്.ഇ.ബി.ക്ക് സർക്കാർ ഉത്തരവുകൾ ബാധകമല്ല എന്ന് സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവുകൾ ഇല്ല. കെ. എസ്. ഇ. ബി ലിമിറ്റഡിനെ പ്രത്യേകം പരാമർശിച്ചുകൊണ്ടോ പൊതുമേഖലാ കമ്പനികളെ പൊതുവായി പരാമർശിച്ചുകൊണ്ടോ പൊതുവായി എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിക്കൊണ്ടോ ഇറക്കുന്ന സർക്കാർ ഉത്തരവുകൾ കെ. എസ്. ഇ. ബി ലിമിറ്റഡിനും ബാധകമാണ്. എന്നാൽ അങ്ങനെയല്ലാത്ത ഉത്തരവുകൾ കെ. എസ്. ഇ. ബി ഡയറക്ടർ ബോർഡ് കെ.എസ്.ഇ.ബി ക്കും ബാധകമാക്കിക്കൊണ്ട് തീരുമാനമെടുത്താൽ മാത്രമേ കെ.എസ്.ഇ.ബി യുടെ പ്രവർത്തനങ്ങളിൽ ബാധകമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ